# കേരള സർക്കാർ

## ധനകാര്യ (റൂൾസ്-ബി) വകുപ്പ്

## <u>പരിപത്രം</u>

**നം.32/2024/ധന** **തീയതി, തിരുവനന്തപുരം, 05.06.2024**

വിഷയം :- സർക്കാർ ജീവനക്കാർക്ക്, വിദേശത്തുള്ള മക്കളെ സന്ദർശിക്കുന്നതിന് അവധി അനുവദിക്കുന്നത് സംബന്ധിച്ച് - സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

സൂചന :- 1. സ.ഉ. (അച്ചടി) നം. 04/11/ധന തീയതി 03/01/2011.
2. സ.ഉ. (അച്ചടി) നം. 112/2017/ധന തീയതി 24/08/2017.
3. സ.ഉ. (അച്ചടി) നം. 143/2021/ധന തീയതി 30/10/2021 (SRO No.794/2021).

സർക്കാർ ജീവനക്കാർക്ക്, വിദേശത്തുള്ള മക്കളെ സന്ദർശിക്കുന്നതിന്, സൂചന (1) ലെ സർക്കാർ ഉത്തരവ് പ്രകാരം പരമാവധി 6 മാസം വരെ അവധി (ആർജ്ജിതാവധി, അർദ്ധവേതനാവധി, പരിവർത്തിതാവധി, ശൂന്യവേതനാവധി എന്നിവ) അനുവദനീയമാണ്. കൂടാതെ നാല് മാസത്തിന് മേൽ ഈ ആവശ്യത്തിലേക്കായി ശൂന്യവേതന അവധി അനുവദിക്കുന്നതിന് സർക്കാർ അനുമതി ആവശ്യമാണ് എന്നും ടി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സൂചന (2) ലെ സർക്കാർ ഉത്തരവ് പ്രകാരം മൂന്ന് വർഷത്തെ തുടർച്ചയായ സേവനമുള്ള ഉദ്യോഗസ്ഥർക്ക് 120 ദിവസം വരെ നിയമനാധികാരി തലത്തിലും, 180 ദിവസം വരെ വകുപ്പ് തലവൻ തലത്തിലും ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സൂചന (3) ലെ വിജ്ഞാപനപ്രകാരം കേരള സർവ്വീസ് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തിയിട്ടുമുണ്ട്.

2. ഈ സാഹചര്യത്തിൽ വിദേശത്തുള്ള മക്കളെ സന്ദർശിക്കുവാൻ സൂചന (1) ലെ സർക്കാർ ഉത്തരവ് പ്രകാരം പരമാവധി ആറ് മാസത്തേക്ക് കെ.എസ്.ആർ., ഭാഗം ഒന്ന്, ചട്ടം 88 പ്രകാരം അനുവദനീയമായ ശൂന്യവേതനാവധി, മൂന്ന് വർഷത്തെ തുടർച്ചയായ സേവനമുള്ള ഉദ്യോഗസ്ഥർക്ക് 120 ദിവസത്തേക്ക് നിയമനാധികാരി തലത്തിലും, പരമാവധി 180 ദിവസത്തേക്ക് വകുപ്പ് അദ്ധ്യക്ഷൻ തലത്തിലും അനുവദിക്കാവുന്നതാണ് എന്ന് സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

**ലക്ഷ്മി രഘുനാഥൻ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II), കേരള, തിരുവനന്തപുരം.

എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും , പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.

ഗവർണ്ണറുടെ സെക്രട്ടറി, രാജ്ഭവൻ.

നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.

എല്ലാ വകുപ്പ് / ഓഫീസ് തലവൻമാർക്കും.

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.

ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്.

സെക്രട്ടറി, കെ.പി.എസ്.സി, തിരുവനന്തപുരം.

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.

രജിസ്ട്രാർ, എല്ലാ സർവ്വകലാശാലകൾക്കും.

നോഡൽ ഓഫീസർ, www.finance.kerala.gov.in

ചീഫ് പ്രോജക്ട് മാനേജർ, സ്പാർക്ക് (പി.എം.യു)

വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (E: 2651998, RULES-B1/100/2023-FIN)

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**